# ഡെറാഗ് താഴ്‌വരകൾ..

[vinuxavier]™ | www.vinuxavier.com

ഡെറാഗ് പ്രണയമാണ്..

ദൂരെയ്ക്ക് നോക്കിയാൽ ആൽപൈൻ മരങ്ങൾ നിറഞ്ഞ മലനിരകൾമാത്രം കാണാമായിരുന്ന ആ അപ്പാർട്ട്മെന്റിന്റെ ബാൽക്കണിയിൽ ഏറെനേരം ഒററയ്ക്കിരിക്കുമ്പോഴുണ്ടാകുന്ന ഒരുതരം മരവിപ്പ് ഇപ്പോൾ മനസ്സിനേയും ബാധിച്ചു തുടങ്ങിയിരിക്കുന്നു.. വിരസത നിറഞ്ഞ ശനിയാഴ്ചകളിൽ,എങ്ങോട്ടെന്നില്ലാതെ ഞാൻ നടത്തുമായിരുന്ന ട്രെയിൻയാത്രകൾക്കിടയിൽ , അന്നൊരു ദിവസം ഞാൻ പോകാൻ തിരഞ്ഞെടുത്തത് ജെർമനി പോളണ്ട് ബോർഡറിനടുത്തുള്ള റോഡസ്ഹൈം എന്ന ഗ്രാമമാണ്.. തികച്ചും വിജനമായിരുന്ന ആ റെയിൽവേസ്റ്റേഷനിൽ എത്തിയിട്ടു ഇനിയെങ്ങോട്ടെന്നറിയാതെ കുറേനേരം നിന്നതിനുശേഷം കടുകുപാടങ്ങൾ കൊണ്ട് മഞ്ഞപുതച്ചു നിൽക്കുന്ന ആ മലനിരകൾ ലക്ഷ്യമാക്കി ഞാൻ നടക്കുകയായിരുന്നു ..നാഗരികതയുടെ നഖക്ഷതങ്ങൾ ഏൽക്കാത്ത ഒരു കന്യകയെപ്പോലെ അതിസുന്ദരിയായിരുന്നു ആ ഗ്രാമം.. നിറങ്ങൾ കൊണ്ട് ചിത്രത്തുന്നൽ നടത്തി മനോഹരമാക്കിയ പട്ടുതൂവാലകൾക്കും, ഗോതമ്പിൽ നിന്നുണ്ടാക്കുന്ന ബ്രൌൺകളറിലുള്ള ബവേറിയൻ വൈസൻ ബിയറിനും മേലെ ആ ഗ്രാമത്തിൽ എന്റെ മനസ്സിനെ ആകർഷിച്ചത് പ്രകൃതിഭംഗിയുടെ ദേവത വസിക്കുന്ന ഡെറാഗ് താഴ്‌വരകളാണ്.. കുത്തനെയുള്ള ചരിവുകളുള്ള കുന്നുകളും പിന്നെ കുറേ പാറക്കൂട്ടങ്ങളും..ആ പാറക്കൂട്ടങ്ങൾക്കിടയിലൂടെ ഒഴുകിവരുന്ന അരുവിയുടെ കരയിൽ ഞാൻ എത്രനേരമെന്നില്ലാതെ അങ്ങനെ ഇരുന്നപ്പോഴെല്ലാം, നിശബ്ദതയിൽ അതിലൂടെ ഒഴുകിവരുന്ന കാററിൽ ,ഒരു പെൺകുട്ടിയുടെ തേങ്ങൽ എനിക്ക് കേൾക്കാമായിരുന്നു . ഇന്നും ഞാനത് കേൾക്കുന്നു.. അവളുടെ കഥ എന്റെ തൂലികയിൽനിന്നു നിങ്ങൾ അറിയുന്ന ഈ നിമിഷം വരേയും..

ഒലീവിയ.. അവൾക്കും ഈ താഴ്‌വരകൾ ഏറെ പ്രിയപ്പെട്ടതായിരുന്നു.. ലാവന്റർ പൂക്കൾകൊണ്ടുണ്ടാക്കിയ ബൊക്കെകൾ വിൽക്കാൻ അവൾ അങ്ങുദൂരെ നിന്നു കുന്നിൻചരിവുകൾ താണ്ടി ആ താഴ്‌വരകളിൽ വരുമായിരുന്നു.. നക്ഷത്രങ്ങൾ ഇല്ലാത്ത നവംബർ രാത്രിപോലെ കറുത്തനിറത്തിലുള്ള മുടിയുള്ള,ഒരു പോളിഷ് പെൺകുട്ടി. അവൾക്ക് എന്നും ആ താഴ്‌വരകളോടും അരുവിയോടും ഒരുപാട് കാര്യങ്ങൾ പറയാൻ ഉണ്ടാകുമായിരുന്നു..അവളുടെ സ്വപ്നങ്ങളേക്കുറിച്ച്.. അവളുടെ പ്രണയത്തെക്കുറിച്ച്..

അവൾ പീററിനെ ആദ്യമായി കണ്ടത് ആ താഴ്‌വരയിൽവെച്ചാണ്.. ഒരുപക്ഷേ ,തന്നെപ്പോലെ തന്നെ ജീവിതത്തിൽ ഏകാന്തത അനുഭവിച്ചിരുന്ന പീററിനെ മനസ്സിലാക്കാൻ അവൾക്ക് എളുപ്പം കഴിഞ്ഞെന്നിരിക്കണം. ഒരു ലാവെന്റർ പൂച്ചെണ്ട് തന്റെ കൂട്ടുകാരനു സമ്മാനമായി കൊടുത്തുകൊണ്ട് അവർ തുടങ്ങിയ സൌഹൃദം, അത് പ്രണയമായി മാറുകയായിരുന്നു. അന്നുവരെ താഴ്‌വരകളോടും അരുവിയോടും തന്റെ സ്വപ്നങ്ങളും പരിഭവങ്ങളും പങ്കുവെച്ചവൾ ,ഇന്നവൾക്ക് ഒരു കൂട്ടുകാരനെ കിട്ടിയിരിക്കുന്നു.. ആ താഴ്‌വരയിലെ പുൽനാമ്പുകൾ അവർ പറയുന്ന കിന്നാരം എന്തെന്നു കേൾക്കാൻ കാതോർക്കുമായിരുന്നു..ആ താഴ്‌വരയിലൂടെ ഒഴുകുന്ന കാററിനുപോലും പ്രണയത്തിന്റെ ഗന്ധമായിരുന്നു..

അന്നും പതിവുപോലെ വൈകുന്നേരമായപ്പോൾ അവൾ ഡെറാഗിൽ എത്തി.. തനിക്കേററവും പ്രിയപ്പെട്ട കൂട്ടുകാരന്റെ ജന്മദിനമാണെന്ന് ..അന്നവളുടെ കയ്യിൽ അവനു കൊടുക്കാൻവേണ്ടി കൊണ്ടുവന്ന നീലക്കണ്ണുകൾ ഉള്ള വെളുത്ത ഒരു കുഞ്ഞു പൂച്ചക്കുട്ടി ഉണ്ടായിരുന്നു.. അതിന്റെ കണ്ണുകൾ പീററിന്റേതു പോലെയാണെന്ന് പറഞ്ഞ് അവൾ എന്നും അവനെ

കളിയാക്കാറുണ്ടായിരുന്നു.. അവനു പിറന്നാൾ സമ്മാനമായി കൊടുക്കാൻ അവൾക്ക് പ്രിയപ്പെട്ടതായി ആ പൂച്ചക്കുട്ടി അല്ലാതെ വേറെഒന്നുമുണ്ടായിരുന്നില്ല..

അവൻ എന്നും വരാറുള്ള സമയം ആയിട്ടും അന്ന് അവൻ വന്നില്ല.. അവളുടെ മുഖത്തെ പുഞ്ചിരി മൗനത്തിനു വഴിമാറി..നേരം ഒരുപാട് ഇരുട്ടിയിട്ടും തന്റെ കൂട്ടുകാരൻ വരുന്നില്ല.. അവളുടെ മൗനം വിതുമ്പലായി.. അവൾ ആ പൂച്ചക്കുട്ടിയെ നെഞ്ചോട് ചേർത്തുപിടിച്ചു ഏറെനേരം കരയുന്നത് ആ താഴ്‌വര നിശബ്ദമായി നോക്കിനിന്നു. തേങ്ങൽ അവസാനിപ്പിച്ച് അവൾ ആ പൂച്ചക്കുട്ടിയെ നിലത്തുവെച്ചു..അത് കുറെനേരം അവളെ നോക്കിനിന്നശേഷം ദൂരെദൂരെ ആ താഴ്‌വരയുടെ ഇരുളുകളിലെവിടേയ്ക്കോ നടന്നകന്നു ..പീറ്റർ തന്റെ ജീവിതത്തിൽ നിന്നു നടന്നകന്നുപോയപോലെ അന്നവൾക്ക് തോന്നി..

ഡെറാഗ് താഴ്‌വരകൾ ഇന്നു നിശബ്ദമായിരിക്കുന്നു..ആ നിശബ്ദതയിൽ,അതിലൂടെ ഒഴുകിവരുന്ന കാറ്റിൽ ഒലീവിയയുടെ തേങ്ങൽ കേൾക്കാമായിരുന്നു..അവൻ ഇനി തിരിച്ചുവരില്ല എന്നു മനസ്സിനെ പറഞ്ഞു ബോധ്യപ്പെടുത്താൻ ശ്രമിച്ചെങ്കിലും ,പിന്നീടുള്ള എല്ലാ ദിവസങ്ങളിലും അവൾ ആ താഴ്‌വരകളിൽ വന്നു കുറെനേരം ഇരുന്നിട്ട് നനഞ്ഞ കവിൾത്തടങ്ങളുമായി തിരിച്ചുപോകുമായിരുന്നു..കരഞ്ഞു കരഞ്ഞു മിഴിനീരു തോർന്നുവെങ്കിലും, പിന്നെയും നെഞ്ചിൽ ഒരു കനലായി മാറുന്നതാണ് പ്രണയം..

ഡെറാഗ് പ്രണയമാണ്..

ഒരിക്കൽ അവൾ താഴ്‌വരയുടെ അരികിലായി ആ നീലക്കണ്ണുകളുള്ള പൂച്ചക്കുട്ടിയെ വീണ്ടും കണ്ടു.അന്നു അതിന്റെ കഴുത്തിൽ ഒരു ചരടും അതിൽ കോർത്തുവെച്ചിരുന്ന ഒരു കടലാസ് കഷണവും ഉണ്ടായിരുന്നു..അതിൽ ഇങ്ങനെ എഴുതിയിരുന്നു..

"ഒലീവിയ,ഞാൻ നിന്നെ ഇപ്പോഴും സ്നേഹിക്കുന്നു..എനിക്ക് ഇനി ഒരിക്കലും അവിടെ വരാനോ നിന്നെ കാണാനോ കഴിയുമെന്നു തോന്നുന്നില്ല..ഞാനിപ്പൊ "ഹിറ്റ്ലർസ് യൂത്ത്" എന്ന് പേരിലുള്ള ഒരു ആർമിഗ്രൂപ്പിൽ നിർബന്ധിതസൈനിക സേവനം അനുഷ്ഠിക്കുകയാണ്.. ഏതു നിമിഷവും ജെർമനി പോളണ്ടിനെതിരെ ഒരു സൈനികനീക്കം നടത്താം.. നീ എങ്ങോട്ടെങ്കിലും രക്ഷപ്പെട്ടുകൊള്ളുക..നീയെന്റെ ജീവിതത്തിൽ എന്നുമുണ്ടാകണമെന്ന് ഞാൻ ആഗ്രഹിച്ചിരുന്നു.. ഇനിയെന്താകുമെന്നു എനിക്കറിയില്ല.."

1939 ഡിസംബർ 12, നാസി പട്ടാളക്യാമ്പിലേക്ക് പോളിഷ് യുദ്ധത്തടവുകാരായ സ്ത്രീകളെ കൊണ്ടുവന്ന ഒരു ട്രക്ക് കൂടി വന്നുനിന്നു ..ഓരോ ട്രക്ക് വരുമ്പോഴും കാമവെറി പൂണ്ട കഴുകന്മാരെപ്പോലെ ജർമ്മൻ പട്ടാളക്കാർ ഓടിക്കൂടുന്നു..പട്ടാളക്കാർ വലിച്ചുപറിച്ചെറിയുന്ന നഗ്നതയെ മറയ്ക്കാനായി തങ്ങളുടെ പെൺമക്കൾ പാടുപെടുന്നത് കണ്ട് അമ്മമാർ അലമുറയിടുന്നു.. അതിലൊന്നും തന്റെ പ്രണയിനി ഉണ്ടാവരുതേയെന്നു പീറ്റർ പ്രാർത്ഥിച്ചിരുന്നു.. എന്നാൽ അന്നു അവൻ അവളെക്കണ്ടു,പൊടിപിടിച്ച് പാറിപ്പറക്കുന്ന തലമുടിയും കണ്ണീരിലും ചോരയിലും കുതിർന്ന ഒട്ടിയ കവിൾത്തടങ്ങളുമായി അവൾ ആ ട്രക്കിന്റെ പുറകിൽ ഇരിക്കുന്നു.. ആ നിമിഷം അവൻ അങ്ങോട്ടേക്ക് ഓടി..കരഞ്ഞുകലങ്ങിയ കണ്ണുകൾകൊണ്ട് കാഴ്ച മങ്ങിയിരുന്നെങ്കിലും ഓടിവരുന്നത് പീറ്റർ ആണെന്ന് മനസ്സിലായതുപോലെ അവൾ തലയുയർത്തിനോക്കി.. ആ ട്രക്കിനു നേരെ ഓടുന്നതിനിടയിൽ അവൻ തന്റെ ബെൽറ്റിൽ തിരുകിയിരുന്ന തോക്ക് കയ്യിലെടുത്തു. ഡെറാഗ് താഴ്‌വരയിലെ മഞ്ഞുപൊഴിയുന്ന മരങ്ങൾക്കിടയിലൂടെ അവളുടെ കൈപിടിച്ച് നടക്കാൻ അവൻ ആഗ്രഹിച്ചിരുന്നു..
ഡെറാഗ് മരണമാണ്..

താഴ്‌വരയിലൂടെ വീശുന്ന ഇളംകാററിനു അപ്പൊഴും പ്രണയത്തിന്റെ ഗന്ധമായിരുന്നു.. ആ നിശബ്ദതയിൽ ഇരുന്നപ്പോഴെല്ലാം ഒലീവിയ തന്റെ കഥ എന്നൊടു പറയുകയായിരുന്നു..ഇനി ഒരുപക്ഷേ എന്റെ ചിന്തയിൽ അവൾ ഉണ്ടാവില്ല..ഇനിയൊരിക്കലും അവളുടെ ശബ്ദം ഞാൻ കേട്ടുഎന്നു വരില്ല! അവൾ പ്രണയമായിരുന്നു.!